# 2005-ലെ കേരള പഞ്ചായത്ത് രാജ് (അഞ്ചാം ഭേദഗതി) ആക്റ്റ്
## (2005-ലെ 30-ാം ആക്റ്റ്)

ഉള്ളടക്കം

*പീഠിക*

*വകുപ്പുകൾ*

1. ചുരുക്കപ്പേരും പ്രാരംഭവും
2. 52-ാം വകുപ്പിനുള്ള ഭേദഗതി
3. 102-ാം വകുപ്പിനുള്ള ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

2005-ലെ 30-ാം ആക്റ്റ്

# 2005-ലെ കേരള പഞ്ചായത്ത് രാജ് (അഞ്ചാം ഭേദഗതി) ആക്റ്റ്*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

പീഠിക. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തി ആറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (അഞ്ചാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 52-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 52-ാം വകുപ്പ് (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന ഓരോ സ്ഥാനാർത്ഥിയും പ്രസ്തുത നാമനിർദ്ദേശ പത്രികയോടൊപ്പം നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അപ്രകാരമുള്ള ഫാറത്തിലും, അയാളുടെ വിദ്യാഭ്യാസ യോഗ്യത, നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന സമയത്ത് അയാൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസ്സുകൾ, അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും പേരിലുള്ള സ്വത്ത്, ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിനോ, സർക്കാരിനോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ താൻ നൽകേണ്ടതായ കുടിശ്ശിക, ഉൾപ്പെടെയുള്ള ബാദ്ധ്യതകൾ, 1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് പ്രകാരം കൂറുമാറ്റത്തിന് അയോഗ്യത കൽപ്പിക്കപ്പെട്ടിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ സമർപ്പിക്കാത്തപക്ഷം ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനായി കരുതപ്പെടുന്നതല്ല.".

---

* Received the assent of the Governor on the 20th August, 2005 and published in the Kerala Gazette Extraordinary No. 1897 dated 22nd August, 2005.

LIBRARY ARCHIVES Kerala Legislative Assembly

3. 102-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 102-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥി 52-ാം വകുപ്പ് (1എ) ഉപവകുപ്പുപ്രകാരം സമർപ്പിച്ച വിവരങ്ങൾ വ്യാജമാണെന്നോ; അല്ലെങ്കിൽ.".

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the "2005-ലെ കേരള പഞ്ചായത്ത് രാജ് (അഞ്ചാം ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 30 OF 2005

## THE KERALA PANCHAYAT RAJ (FIFTH AMENDMENT) ACT, 2005

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 for the purposes hereinafter appearing;

BE it enacted in the Fifty-sixth Year of the republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Fifth Amendment) Act, 2005.

(2) It shall be come into force at once.

2. *Amendment of section 52.*—In the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act), after sub-section (1) of section 52, the following sub-section shall be inserted, namely:—

"(IA) Every candidate submitting nomination under sub-section (1) shall not be deemed to be qualified to be elected to fill that post unless he submits, along with such nomination, the details regarding his educational qualification, criminal cases in which he is involved at the time of submission of nomination, property owned by him and other members of his family, liabilities including arrears due from him to any Public Sector Undertaking or Government or Local Self Government Institutions and whether disqualified for defection under the Kerala Local Authorities (Prohibition of Defection) Act, 1999, in the form and manner as may be prescribed.".

GCPT. 34/3655/07/TP.

LIBRARY ARCHIVES Kerala Legislative Assembly

3. *Amendment of section 102.*—In section 102 of the principal Act, in sub-section (1), after clause (c) the following clause shall be inserted, namely:—

"(ca) that the details furnished by the elected candidate under sub-section (1A) of section 52 were fake; or"

LIBRARY ARCHIVES Kerala Legislative Assembly